

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananhapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**06-08-2021**

# എഫ് ഐ ബി കാർഷികവാർത്തകൾ – FIB FARM NEWS

1. കേരളത്തിൽ പരമ്പരാഗതമായി നടന്നു വരുന്ന കാർഷികോത്സവമായ നിറപുത്തരി ആഘോഷത്തിന് ആവശ്യമായ നെൽക്കതിർ, കേരള കാർഷിക സർവകലാശലയുടെ കീഴിൽ നെടുങ്കാട് സ്ഥിതിചെയ്യുന്ന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ (ഐ.എഫ്.എസ്.ആർ.എസ്.) ഒരു ചതുരശ്ര മീറ്ററിന് നൂറുരൂപ നിരക്കിൽ വിതരണത്തിനായി തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ 0471-2343586 എന്ന ഫോൺ നമ്പരിൽ സ്ഥാപനവുമായി നേരിട്ട് ബന്ധപ്പെടുക.

2. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുത്പാദന ശേഷിയുള്ള ജാപ്പനീസ് കാടക്കുഞ്ഞുങ്ങൾ എട്ടു രൂപ നിരക്കിൽ തിങ്കൾ , വ്യാഴം ദിവസങ്ങളിൽ ലഭ്യമാണെന്ന് പ്രൊഡക്ഷൻ മാനേജർ അറിയിച്ചു. കാടകുഞ്ഞുങ്ങൾ ലഭിക്കുന്നതിനായി 0479 2452277 , 9495805541 എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

3. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിൽ നല്ലയിനം കുരുമുളക്, കുറ്റിയാടി തെങ്ങിൻ തൈകൾ, മോഹിത് നഗർ, മംഗള കവുങ്ങിൻ തൈകൾ, ജാതി ഗ്രാഫ്റ്റ് , മാവ് ഗ്രാഫ്റ്റ് എന്നീ നടീൽ വസ്തുക്കളും മണ്ണിര കമ്പോസ്റ്റ് , ട്രൈക്കോഡെർമ , സ്യൂഡോമോണസ് , വാഴയുടെ സൂക്ഷ്മ മൂലകക്കൂട്ട് അയർ, പച്ചക്കറികളുടെ സമ്പൂർണ സൂക്ഷ്മ മൂലക കൂട്ട് എന്നീ കാർഷിക സാങ്കേതിക ഉപാധികളും, കൂൺ വിത്ത്, നീം സോപ്പ്, ഫെറമോൺ കെണി തുടങ്ങി വിവിധ നടീൽ വസ്തുക്കൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ടെന്ന് പ്രോഗ്രാം കോർഡിനേറ്റർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 0496-2966041 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

4. വേങ്ങേരിയിൽ പ്രവർത്തിക്കുന്ന കേരള കാർഷിക സർവകലാശാലയുടെ കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ മീലിമൂട്ട, നിമാവിരകൾ എന്നിവയ്ക്ക് എതിരെ ഉള്ള പോച്ചോണ്ണിയ, പെസീലിയോമൈസസ്, പൊട്ടാഷ് വളമായ ബയോപൊട്ടാഷ്, ചെടികളുടെ വേരുകളെ ശക്തിപ്പെടുത്തുന്ന വി എ എം, രോഗപ്രതിരോധ ശേഷി വർധിപ്പിച്ച വളർച്ച കൂട്ടുന്ന സ്യൂഡോമോണസ്, ട്രൈക്കോഡെർമ, പ്രാണികൾക്കൾക്കു എതിരെയുള്ള ബ്യൂവേറിയ, പച്ചക്കറിക്കുള്ള മൈക്രോ ന്യൂട്രിയന്റ് മിക്സ് സമ്പൂർണ, പച്ചക്കറി

വിത്തുകളായ ചീര, കൈപ്പ, പടവലം, മത്തൻ, വള്ളിപ്പയർ, വഴുതന, പീച്ചിൽ, മാവിനുള്ള കായീച്ചകെണി, പച്ചക്കറികൾക്കുള്ള കായീച്ചകെണി തുടങ്ങിയ വിവിധ ജൈവ നിയന്ത്രണ ഉപാധികൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0495 2935850 എന്ന നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

5. കേരള കാർഷിക സർവകലാശാല ഹൈടെക് റിസർച്ച് ആന്റ് പരിശീലന യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 11,12,13 തീയതികളിൽ രാവിലെ 10.30 മുതൽ 12.30 മണി വരെ ഓൺ ലൈനായി നടത്തുന്ന പരിശീലനപരിപാടിയിൽ കാൽ സെന്റിലും അര സെന്റിലും(180 മുതൽ 225 ചെടികൾ വരെ) നിർമ്മിച്ചിട്ടുള്ള ഹൈടെക്ക് അടുക്കളതോട്ടത്തിന്റെ നിർമ്മാണവും പരിപാലനവും എന്ന വിഷയത്തിൽ ക്ലാസ്സുകൾ സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0487 – 2960079, 7025498850,** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക

6. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (06.08.2021) വൈകിട്ട് 4 മണി മുതൽ **തോട്ട വിളകളിലെ യന്ത്രവൽക്കരണം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. **സമേതി കേരളയുടെ ഫേസ്ബുക്ക് പേജിൽ** പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിവരങ്ങൾക്ക് 0471 – 2740440 / **9349482600** എന്നീ നമ്പരുകളിലോ sametikerala@gmail.com എന്ന മെയിലിലോ ബന്ധപ്പെടുക.

7. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ **"ഓമനമൃഗങ്ങളിലെ പ്രത്യുത്പാദനവും അനുബന്ധരോഗങ്ങളും"** എന്ന വിഷയത്തിൽ ഇന്ന് (ആഗസ്റ്റ് 6 ന് ) വൈകിട്ട് 5 മണിക്ക് ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു https://us02web.zoom.us/j/9995213500 എന്ന ലിങ്കിലൂടെ 9995213500 എന്ന ഐ ഡി ഉപയോഗിച്ച് പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്. വിശദ വിവരങ്ങൾക്ക് 9446714462 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**06-08-2021**

8. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി ആന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഇന്നും നാളെയുമായി ആട് വളർത്തൽ എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. പങ്കടുക്കാൻ താൽപ്പര്യമുള്ളവർ 9188522711 എന്ന നമ്പരിൽ വാട്ട്സ്ആപ്പ് സന്ദേശം മുഖേന പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ : 0469 – 2965535.

9. തിരുവനന്തപുരം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (ആഗസ്റ്റ് 6) വൈകിട്ട് 7 മണിക്ക് **വാഴക്കർഷകർക്ക് പ്രചോദനമായി വാഴക്കുല പൊതിയുന്ന ഉപകരണത്തിന്റെ പരിശീലനം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് 9400288040 എന്ന നമ്പരിൽ ബന്ധപ്പെടുക.

10. റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് **റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷിയിൽ** ഈ മാസം 10-ന് രാവിലെ 10.30 മുതൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പറിലോ 7994650941 എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

11. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ ഈ മാസം 10, 11 തീയതികളിലായി **ചെറുകിട നാമമാത്ര പശുഫാമുകളിലെ ആരോഗ്യ പ്രത്യുൽപാദന പരിരക്ഷ** എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഓൺലൈൻ പ്ലാറ്റ്ഫോമിൽ കർഷകസെമിനാർ സംഘടിപ്പിക്കുന്നു. https://us02web.zoom.us/j/9995213500 എന്ന ലിങ്കിലൂടെ സെമിനാറിൽ പങ്കെടുക്കാവുന്നതാണ്. 9400322511 എന്ന നമ്പരിൽ ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ ലഭ്യമാക്കാവുന്നതാണ്.